രണ്ടാം പഞ്ചവത്സരപദ്ധതി.

* 149. [34] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രണ്ടാം പഞ്ചവത്സരപദ്ധതിയുടെ physical target എന്ത് ;

(ബി) അതിന്റെ money target എന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) Physical target സംബന്ധിച്ച പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്. പ്രധാന physical target 3.6 ലക്ഷം പൊഴിൽരഹിതർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുകയും, 2·5 ലക്ഷം പൂർണ്ണതൊഴിലില്ലാത്തവർക്ക് പൂർണ്ണമായി തൊഴിലുണ്ടാക്കിക്കൊടുക്കുകയുമാണ്.

(ബി) 131.89 കോടി രൂപ.

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.

* 150. [35] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മലയാളത്തിൽ വാർത്തകളും ലഘുലേഖകളും പത്രങ്ങൾക്ക് നൽകുന്നതിനായി പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ഒരു ശാഖ എറണാകുളത്തു സ്ഥാപിക്കുന്നതിനു ഈ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് നിയേദനം നടത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

പുതിയ റയിൽവേ ലൈനുകൾ.

* 151. [36] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എത്ര പുതിയ റയിൽവേ ലൈനുകൾ തിരുവിതാംകൂർ-കൊച്ചിയിൽ പണിയുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ?

(സി) തിരുവല്ലായും പുനലൂരും തമ്മിൽ യോജിപ്പിക്കുന്നതിന് ഒരു റയിൽവേ പണിയുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. സി. വേലായുധൻ) :

(എ) 10. (പത്ത്)

(ബി) (1) തിരുവനന്തപുരം-കന്യാകുമാരി.

(2) ഇടമൺ-കൊല്ലംകോട്.

(3) ഇടമൺ-ഗുരുവായൂർ.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly